<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1453</u> <u>04-07-2022 - ൽ മറുപടിയ്ക്ക്</u>

<u>കൃഷി, പാർപ്പിടം തുടങ്ങിയ ആവശ്യങ്ങൾക്ക് പതിച്ചു നൽകിയ ഭൂമി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കേരള ഭൂപതിവു ചട്ട പ്രകാരം കൃഷി, പാർപ്പിടം തുടങ്ങിയ ആവശ്യങ്ങൾക്ക് പതിച്ചു നൽകുന്ന പട്ടയഭൂമി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | **കേരള ഭൂമി പതിവ് ചട്ട പ്രകാരം കൃഷി , പാർപ്പിടം തുടങ്ങിയ ആവശ്യങ്ങൾക്ക് പതിച്ചു നൽകുന്ന പട്ടയഭൂമി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്** |
| (ബി) | എങ്കിൽ ഇങ്ങനെ ഇതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭൂമി തിരിച്ചെടുക്കാൻ അധികാരമുണ്ടോ; | (ബി) | കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ, 1964 ചട്ടം 8 പ്രകാരവും, കേരള മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ, 1995 ചട്ടം 17 പ്രകാരവും കൃഷി, പാർപ്പിടം, തുടങ്ങിയ ആവശ്യങ്ങൾക്ക് പതിച്ചു നൽകുന്ന പട്ടയഭൂമി ഇതര ആവശ്യങ്ങൾക്ക് **ഉപയോഗിക്കുന്നതായി കണ്ടെത്തുന്ന പക്ഷം** ചട്ട പ്രകാരമുള്ള നടപടി കൈകൊണ്ട് പട്ടയം റദ്ദാക്കി ഭൂമി തിരിച്ചെടുക്കാൻ അധികാരമുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് അടുത്ത കാലത്തുണ്ടായ ഹൈ ക്കോടതി വിധി പ്രകാരം അത്തരത്തിലുള്ള ഭൂമി തിരിച്ചെടുക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ: വിശദാംശം അറിയിക്കുമോ? | (സി) | 25.05.2022 ന ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം 14.06.2022 ന അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം സഹിതം ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർ നടപടികൾ പരിശോധിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ